Action Today

15938
15/10/16

# കേരള സർക്കാർ

## സംഗ്രഹം

റവന്യു വകുപ്പ് - ജീവനക്കാര്യം - വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിലവിലുള്ള 7-ാം ക്ലാസ് അല്ലെങ്കിൽ ഫോറം - III എന്നതിൽ നിന്നും എസ്.എസ്.എൽ.സി/തത്തുല്യം പാസ്സ് എന്ന് പുനർ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.538/2016/ആർ.ഡി. തീയതി, തിരുവനന്തപുരം,14.10.2016

---

പരാമർശം :1) 04.09.1972-ലെ ജി.ഒ (എം.എസ്) നമ്പർ 876/72/ആർ.ഡി.

2) 28.06.1973-ലെ ജി.ഒ(എം.എസ്) നം.417/73/ആർ.ഡി.

3) 11.03.1976-ലെ ജി.ഒ(പി) നമ്പർ 75/76/പി.ഡി.

4) 12.12.2003-ലെ ജി.ഒ (എം.എസ്) നം. 387/2003/ആർ.ഡി.

5) 01.07.2011 -ലെ ജി.ഒ(എം.എസ്)നം. 21/11/ഉഭപവ.

6) 16.06.2012-ലെ സ.ഉ.(കൈ) നം.246/2012/ആർ.ഡി

7) 23.07.2013 -ലെ സ.ഉ(എം.എസ്)നം. 21/2013/ഉഭപവ.

8) 27.05.2015 -ലെ സ.ഉ(കൈ)നം. 213/15/ആർ.ഡി.

9) 30.06.2015 -ലെ സ.ഉ(കൈ)നം. 288/2015/ആർ.ഡി.

10) 17.06.2016- ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ AV(3)39754/98/GW നമ്പർ കത്ത്.

## ഉത്തരവ്

വില്ലേജ് ഓഫീസുകളിലെ വില്ലേജ് അസിസ്റ്റന്റ് മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. പാസ് ആയി ഉയർത്തി അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കരം രസീത് എഴുതുവാനുള്ള അധികാരം കൂടി നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും വേർതിരിച്ച് ഒരു പ്രത്യേക കാറ്റഗറിയായി നിലനിർത്തിക്കൊണ്ട്

പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം വില്ലേജ്മാൻമാരുടെ വിദ്യാഭ്യാസ യോഗ്യത, നിയമനരീതി എന്നിവ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുമുണ്ട്. അതിൻപ്രകാരം 7-ാം ക്ലാസ്സ് യോഗ്യത അല്ലെങ്കിൽ ഫോറം. III വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 30 നും ഇടയ്ക്ക് പ്രായമുള്ള പുരുഷ വിഭാഗത്തിലുള്ളവരെ ജില്ലാടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം വഴിയാണ് നിയമിച്ചിരുന്നത്. കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ പരിധിയിൽ നിന്നും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ പരാമർശം (3) പ്രകാരം ഒഴിവാക്കിയിട്ടുമുണ്ട്. ആയതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തികയ്ക്ക് സമാനമല്ല. പരാമർശം (6) പ്രകാരം വില്ലേജ്മാൻ തസ്തികയെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്.

3) വില്ലേജ് മാനുവൽ ഖണ്ഡിക 98 പ്രകാരം വില്ലേജ് ഓഫീസിൽ ഹാജരാക്കുന്ന തുക സ്വീകരിച്ച് രസീതു നൽകുവാനുള്ള അധികാരം വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാണ്. വില്ലേജ് മാനുവൽ ഖണ്ഡിക 100 പ്രകാരം വില്ലേജ് ഓഫീസറുടെയോ വില്ലേജ് അസിസ്റ്റന്റിന്റെയോ കൈയ്യൊപ്പും വില്ലേജ് മുദ്രയും ഇല്ലാത്ത രസീതുകൾക്ക് നിയമ സാധുതയില്ലെന്നും നിഷ്കർഷിക്കുന്നു. കോടതികളിൽ കൈവശാവകാശം തെളിയിക്കുന്നതിനും, ജാമ്യം ലഭിക്കുന്നതിനും, ബാങ്ക് ലോൺ മുതലായ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങൾക്കും ഭൂനികുതി രസീത് ഉപയോഗിക്കുന്നുണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ് പാസ്സ് ആയതിനാലും, വില്ലേജ് മാനുവൽ ഖണ്ഡിക 100 പ്രകാരവുമാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കരം രസീത് എഴുതുന്നതിന് അനുവാദം നൽകാതിരുന്നത്.

4) പരാമർശം (5) - ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം എന്നതിൽ നിന്നും പ്ലസ് ടു/തത്തുല്യം പാസ്സായിരിക്കണം എന്ന് പുനർ നിശ്ചയിച്ച് ഉത്തരവായിരുന്നതും പരാമർശം (7) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തി വച്ചിട്ടുള്ളതുമാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് നിയമനത്തിന് സ്പെഷ്യൽ റൂൾ നിലവിലില്ല. ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയുടെ യോഗ്യത 7-ാം ക്ലാസ്സ് പാസ്സാണ്.

5) പരാമർശം 8,9 സർക്കാർ ഉത്തരവുകൾ പ്രകാരം, വില്ലേജ് ഓഫീസുകളിൽ കരം സ്വീകരിച്ച് രസീതിൽ ഒപ്പു വച്ച് വിതരണം ചെയ്യുന്നതിന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് അധികാരം നൽകിയിട്ടുണ്ട്.

6) മേൽ സാഹചര്യത്തിൽ, റവന്യു വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാനവിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ് അല്ലെങ്കിൽ ഫോറം III പാസ്സ് എന്നതിൽനിന്നും താഴെപ്പറയും പ്രകാരം പുനർനിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) <u>നിയമനരീതി</u>

നേരിട്ടുള്ള നിയമനം

(ബി) <u>യോഗ്യത</u>

ചുരുങ്ങിയ വിദ്യാഭ്യാസ യോഗ്യത-എസ്.എസ്.എൽ.സി/തത്തുല്യം പാസ്സായിരിക്കണം.

(സി) <u>പ്രായപരിധി</u>

18-വയസ്സിൽ കുറയാനും 36 വയസ്സിൽ കൂടുവാനും പാടില്ല. പിന്നോക്കവിഭാഗങ്ങൾക്കും, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും നിലവിലുള്ള നിയമാനുസൃത ഇളവുകൾ അനുവദനീയമാണ്.

(ഡി) <u>പ്രൊബേഷൻ കാലം</u>

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ സേവനം പ്രൊബേഷൻ കാലയളവായി കണക്കാക്കുന്നതാണ്.

(ഇ) <u>നിയമനാധികാരി</u>

വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ നിയമനാധികാരി ബന്ധപ്പെട്ട ജില്ലാ കളക്ടർ ആയിരിക്കുന്നതാണ്.

(എഫ്) <u>നിയമന സംവരണം</u>

1958-ലെ KS&SSR Part II Rule 14-17 പ്രകാരമുള്ള സംവരണചട്ടങ്ങൾ ഈ തസ്തികയുടെ നേരിട്ടുള്ള നിയമനങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.

നിലവിൽ സർവ്വീസിലുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ പുതുക്കി നിശ്ചയിച്ച വിദ്യാഭ്യാസ യോഗ്യത ആർജ്ജിക്കുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിരിക്കുന്നു.

7) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ മേൽ ഭേദഗതി ടി ചട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി. എച്ച്. കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
(ആമുഖകത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ
(മാധ്യമങ്ങൾക്കു നൽകുന്നതിന്)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-ബി) വകുപ്പ് (02.07.2013-ലെ 12158/ബി1/2013/ഉഭപവ നമ്പർ, 14.02.2014-ലെ 1654/ബി1/2014/ഉഭപവ നമ്പർ എന്നീ അനൗദ്യോഗിക കുറിപ്പുകൾ പ്രകാരം)
ധനകാര്യ വകുപ്പ് (07.01.2014-ലെ 85528/വ്യയം.എ3/13/ധന നമ്പർ കുറിപ്പ് പ്രകാരം)
റവന്യൂ (സി) വകുപ്പ്
സംഭരണ ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*